(34) തൃശ്ശൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ പ്ലസ് വൺ കോഴ്സിന് കൂടുതൽ സീറ്റുകളും ബാച്ചുകളും അനുവദിക്കണമെന്ന ആവശ്യം

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ വിജയം കൈവരിച്ച ആയിരക്കണക്കിന് കുട്ടികൾക്ക് അഡ്മിഷൻ കിട്ടാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. തൃശ്ശൂർ ജില്ലയിൽ എൻട്രൻസ് കോച്ചിംഗ് സെന്ററുകളെല്ലാം നിലനിൽക്കുന്നതുകൊണ്ട് അന്യജില്ലകളിൽനിന്നെല്ലാംതന്നെ ഇവിടെയാണ് ഭൂരിപക്ഷം കുട്ടികളും വന്നുചേരുന്നത്. അതുകൊണ്ട് തൃശ്ശൂർ ജില്ലയിൽനിന്ന് വിജയിച്ച മഹാഭൂരിപക്ഷം കുട്ടികൾക്കും അവിടെ പ്ലസ് ടു-വിന് അഡ്മിഷൻ കിട്ടാത്ത സ്ഥിതിയാണുള്ളത്. എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, തൃശ്ശൂർ ജില്ലയിൽ കൂടുതൽ കോഴ്സുകളും അഡീഷണൽ ബാച്ചുകളും അനുവദിച്ചുകൊണ്ട് അവിടെ ഇപ്പോൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിച്ച കുട്ടികൾക്ക് പ്രവേശനം ലഭിക്കാൻവേണ്ടിയുള്ള സഹായം ചെയ്യണമെന്നാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* : സർ, സേ പരീക്ഷാ റിസൽറ്റ്കൂടി വന്നപ്പോൾ തൃശ്ശൂർ ജില്ലയിൽ പ്ലസ് ടു സീറ്റിന് കാര്യമായ കുറവുണ്ട് എന്നുള്ള കാര്യം ബോധ്യപ്പെട്ടിരിക്കുകയാണ്. അത് പരിഹരിക്കാനുള്ള പരിശ്രമത്തിലാണ്. അൺ എയ്ഡഡ് ആയിട്ട് കുറച്ച് സീറ്റ് കൊടുത്തിട്ടുണ്ട്; അത് മതിയാകില്ല. ഗവണ്മെന്റ് സ്കൂളുകളിൽത്തന്നെ അഡീഷണൽ ബാച്ചുകൾ കൊടുക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നുണ്ട്. മറ്റൊരു സംഗതി അവിടെയുള്ളത്, പ്രൈവറ്റ് രജിസ്ട്രേഷന്റെ കാര്യമാണ്. ഓപ്പൺ ലെവൽ സ്കീമിൽ കുറച്ചുകൂടി നന്നായി ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്. അവിടെ പഠിക്കുന്ന കുട്ടികൾക്ക് കാര്യക്ഷമമായ പഠനംകൂടി ലഭിക്കുകയാണെങ്കിൽ കുറേ പ്രശ്നം പരിഹരിക്കാൻ സാധിക്കും. ഏതായാലും രണ്ടുമൂന്ന് ദിവസത്തിനകം ഇതിനെപ്പറ്റി വ്യക്തമായ ചില തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

(35) എയർ ഇൻഡ്യയുടെ നടപടികൾമൂലം പ്രവാസി മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എം. വി. ജയരാജൻ : സർ, 25 ലക്ഷത്തിലേറെ വരുന്ന പ്രവാസികളുടെ പ്രശ്നമാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. നേരത്തെ ശ്രീ. എം. എം. ഹസ്സൻ ചൂണ്ടിക്കാട്ടിയതിന് അനുബന്ധമായിട്ടുള്ളതാണ് ഞാൻ പറയുന്നത്. യാത്ര ബുദ്ധിമുട്ടാണ്; ഇപ്പോൾ പ്രധാനപ്പെട്ട സീസണാണ്. ഒരുപാട് മലയാളികൾ കുടുംബസമേതം ഇപ്പോഴാണ് തിരിച്ചുപോകുന്നത്. അപ്പോൾ തിരിച്ചുപോകാൻ കൃത്യമായ വിമാനസർവ്വീസ് ഇല്ലാത്തതിന്റെപേരിൽ അവർക്കവിടെ കൃത്യസമയത്ത് ജോലിയിൽ പ്രവേശിക്കാൻ കഴിയുന്നില്ല. മാത്രമല്ല, 20 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

നിരക്ക് കൂട്ടിയതുമൂലം ഇപ്പോൾ 20,000 രൂപ വേണം ദുബായിലോട്ട് പോകാൻ. കൊച്ചി-ന്യൂയോർക്ക് തിരിച്ചുവരവ് ഉൾപ്പെടെ 40,000 രൂപ വേണം. 16 മണിക്കൂർ യാത്രയാണ്. അപ്പോൾ ഇവിടെനിന്ന് ദുബായിലേക്ക് 3 മണിക്കൂറെ ഉള്ളൂ. ആ നിരക്ക് കണക്കുകൂട്ടിയാൽ 7,500 രൂപ മതി. എന്നാൽ 20,000 രൂപയാണ് ഗൾഫുകാരിൽ നിന്ന് ഈടാക്കുന്നത്. ഗൾഫ് വിമാനസർവ്വീസിന്റെ നിരക്ക് ഏറ്റവും കൂടുതലാണ്. അങ്ങ് പറഞ്ഞ സൗജന്യനിരക്കിലെ യാത്ര യഥാർത്ഥത്തിൽ പലർക്കും കിട്ടുന്നില്ല. കാരണം, ക്യാൻസലേഷൻ പറ്റില്ല. എക്സ്റ്റൻഷൻ പറ്റില്ല. അതുപോലെ ഒരുപാട് ബുദ്ധിമുട്ടുകളുണ്ട്. എക്സ്പ്രസ് വിമാനസർവ്വീസിലുള്ള സൗജന്യനിരക്കിലുള്ള ടിക്കറ്റിന്റെ ബുദ്ധിമുട്ട്, ഇപ്പോൾ വന്നിട്ടുള്ള മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം സർക്കാർ സ്വന്തമായിട്ട് ഒരു വിമാന സർവ്വീസ് നടത്തുമെന്ന് പറഞ്ഞു. പക്ഷേ, കേന്ദ്രമന്ത്രി ഇന്നലെ പാർലമെന്റിൽ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുള്ളത് ഇതുവരെ ഇത്തരത്തിലുള്ള ഒരു അപേക്ഷയും കേന്ദ്രത്തിന് കിട്ടിയിട്ടില്ലായെന്നാണ്. അതുകൊണ്ട് സംസ്ഥാന സർക്കാർ ആകാശമുന്നിടത്തോളം രീതിയിൽ ഈ പ്രശ്നത്തിൽ ഇടപെടണം. ചാർജ് നിരക്ക് വർദ്ധിപ്പിച്ച പ്രശ്നത്തിൽ അങ്ങ് ഇടപെടണം എന്നുള്ളതാണ് എനിക്കു പറയാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, എയർലൈൻസിന്റെ യാത്രാനിരക്കിനെക്കുറിച്ച് വിശദമായി 3 പേജ് പ്രിന്റ് ചെയ്ത കാര്യങ്ങൾ ഞാനിവിടെ വായിച്ചതാണ്. ഗവൺമെന്റ് ഈ കാര്യത്തിൽ വളരെ സജീവമായി ശ്രദ്ധചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യം കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പേരിൽ അവർ ചില നടപടികൾ സ്വീകരിച്ചത് ഇവിടെ പറഞ്ഞിട്ടുണ്ട്. എയർലൈൻസ് തുടങ്ങുന്നതിനെക്കുറിച്ചുള്ളതും ഞാനിവിടെ പറഞ്ഞു. ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ എത്തിയില്ല; അതിന് നമ്മൾ ഒരു സ്റ്റഡി നടത്തേണ്ടേ? അതുകൊണ്ട് നമ്മൾ അതിന്റെ അതോറിറ്റിയെ എൽപ്പിച്ചിട്ടുണ്ട്. അവർ വേറെ എക്സ്പേർട്ടിനെ ഏൽപ്പിച്ച് അത് പഠിച്ചിട്ടേ ചെയ്യാനൊക്കൂ. അതിനെല്ലാം പുറമേ, ആഗസ്റ്റ് 5, 6, 7 തീയതികളിൽ നടത്തിയ പ്രവാസികളുടെ സമവായം പരിപാടിയിൽ അവരുടെ ഈ പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്തു. അപ്പോൾ അവിടെ എയർ ഇന്ത്യയുടെ ഒരു ഉദ്യോഗസ്ഥനും ഉണ്ടായിരുന്നു. അദ്ദേഹം ആ പ്രശ്നങ്ങളെക്കുറിച്ചെല്ലാം എക്സ്പ്ലെയിൻ ചെയ്യുകയും നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് പറയുകയും ചെയ്തു. അതുപോലെ എല്ലാവരും ആവശ്യപ്പെട്ടതനുസരിച്ച് മുഖ്യമന്ത്രിതന്നെ നേരിട്ട് കേന്ദ്രഗവണ്മെന്റിന് ഒരു നിവേദനം കൊടുക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. അദ്ദേഹം 16-ാം തീയതിയോടുകൂടി ഡൽഹിയിൽ പോകുന്നുണ്ടെന്ന് ടെമ്പററിയായിട്ട് തീരുമാനിച്ചിരിക്കുകയാണ്. അപ്പോൾ അതുസംബന്ധിച്ചുള്ള വിശദമായ മെമ്മോറാണ്ടം കൊടുക്കുന്നതാണ്. അതിൽ ഈ പറയുന്ന കാര്യങ്ങൾ ഉണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly